*Minister for Health* (**Sri N. K. Balakrishnan**) : Government are now conducting two medical check-up camps in each Revenue District. It will not be possible to conduct camps in each taluk, due to want of funds.

**Shri Stephen Padua** : Have the Government assessed the progress of conducting two medical check-up camps in each revenue district and if it is found successful, will the Government be pleased to chalk out a phased programme for conducting free medical camps in each taluk within a span of five to ten years.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : മെഡിക്കൽ ചെക്കപ്പ് ക്യാമ്പുകൾ വളരെ പ്രയോജനമാണെന്നാണ് ഇതുവരെ ഉള്ളതായ അനുഭവംകൊണ്ട് തെളിയിച്ചിട്ടുള്ളത്. മെഡിക്കൽ ചെക്കപ്പ് ക്യാമ്പുകൾ ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ മാത്രമല്ല ഇപ്പോൾ നടത്തിവരുന്നത്. സാമൂഹ്യ സേവന സംഘടനകളും ധാരാളമായി ഈ രംഗത്ത് വന്നുകൊണ്ട് മെഡിക്കൽ ചെക്കപ്പ് ക്യാമ്പുകൾ നടത്താൻ ശ്രമിക്കുന്നുണ്ട്. ആ ക്യാമ്പുകളിലെല്ലാം തന്നെ ആവശ്യമായിവരുന്ന ഡോക്ടർമാരെയുമെല്ലാം അയച്ചുകൊടുക്കുന്നുണ്ട്. എന്നാൽ ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ മാത്രമായി കൂടുതൽ മെഡിക്കൽ ചെക്കപ്പ് ക്യാമ്പുകൾ നടത്താൻ ഗവൺമെൻറിന് സാമ്പത്തിക കഴിവില്ലാത്തതുകൊണ്ട് നടത്താൻ ആഗ്രഹിക്കുന്നില്ല. സാമൂഹ്യസേവന സംഘടനകൾ നടത്തുന്ന ക്യാമ്പുകൾക്ക് എല്ലാവിധമായ സഹകരണങ്ങളും ഗവൺമെൻറ് ചെയ്തുകൊടുക്കും.

## ജലസേചന പദ്ധതികൾ

* 63 [90] ശ്രീ. എം. കൃഷ്ണൻ :
,, സി. ബി. സി. വാര്യർ :
,, പി. ആർ. ഫ്രാൻസിസ്
,, പി. ജി. പുരുഷോത്തമൻപിള്ള :
,, എൻ. ഐ. ദേവസ്സിക്കുട്ടി ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചന മന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര വൻകിട ജലസേചന പദ്ധതികൾ ആരംഭിക്കുന്നു ;

(ബി) ഏതെല്ലാം ;

(സി) മീഡിയം പദ്ധതികൾ ആരംഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(ഡി) മൈനർ ഇറിഗേഷൻ പദ്ധതികൾ എത്ര ;

(ഇ) ജനപങ്കാളിത്തത്തോടുകൂടി വൻകിട ജലസേചന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) കൊല്ലം ജില്ലയിലെ കല്ലട പദ്ധതിക്ക് എത്രത്തോളം ജനപങ്കാളിത്തം നേടുവാൻ ഇതിനകം ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട് ;

(ജി) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ ഇറിഗേഷൻ പ്രവർത്തനങ്ങൾക്ക് എന്തു തുക ചെലവഴിച്ചു;

(എച്ച്) മേജർ, മൈനർ എന്നിവ ഇനംതിരിച്ച് വ്യക്തമാക്കാമോ ;

(ഐ) പഞ്ചായത്തുകളെ ഭാഗഭാക്കാക്കിക്കൊണ്ട് മൈനർ ഇറിഗേഷൻ പ്രവർത്തനം നടത്താൻവേണ്ടി എന്തുതുക ചെലവഴിച്ചു ; എത്ര പദ്ധതികൾ ഏറ്റെടുത്തു ;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) ഓണാട്ടുകരയുടെ സമഗ്രമായ ജലസേചനത്തിനുവേണ്ടി ഒര പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ ;

(കെ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(എൽ) ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന വൻകിട ജലസേചന പദ്ധതി കൾക്കെയി കേന്ദ്ര ഗവൺമെന്റ് 31-3-76 വരെ അനുവദിച്ച സംഖ്യ എത്ര ;

(എം) ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച സംഖ്യ എത്ര ?

വനവും ജലസേചനവും മന്ത്രി (ഡോ. കെ. ജി. അടിയോടി) ;

(എ, ബി, സി) ഈ സാമ്പത്തിക വർഷത്തിൽ വൻകിടയോ ഇടത്തരമോ ആയ ജലസേചന പദ്ധതികളൊന്നും ആരംഭിക്കുന്നില്ല.

(ഡി) നാലു ക്ലാസ്—1 മൈനർ ഇറിഗേഷൻ പദ്ധതികളും ആറ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ഇക്കൊല്ലം ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ അഞ്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾകൂടി ഇക്കൊല്ലം ആരംഭി ക്കുവാനുദ്ദേശമുണ്ട്.

(ഇ) ജനപങ്കാളിത്തത്തോടെ കല്ലട പദ്ധതിയുടെ പ്രവർത്തനം ത്വരിത പ്പെടുത്തുന്നതിന് നടപടികൾ എടുത്തുവരുന്നുണ്ട്.

(എഫ്) കല്ലട പദ്ധതിയിൽപ്പെട്ട ശാസ്താംകോട്ട ബ്രാഞ്ചുകനാ ലിന്റെ മൂന്നു കിലോമീറ്റർ ദൂരത്തിലുള്ള മൺവേലയാണ് ജനപങ്കാളിത്ത ത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിലേക്ക് വിവിധ സാമൂഹ്യ രാഷ്ട്രീയ യുവജന വിദ്യാർത്ഥി സംഘടനകൾ 90000-ത്തിലധികം ദിവസത്തെ അദ്ധ്വാനം വാഗ്ദാനം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇതനുസരിച്ചുള്ള പണി ഡിസംബർ 27-ാം തീയതി അടൂരിൽ ആരംഭിക്കുന്നതാണ്.

(ജി) ഈ സാമ്പത്തിക വർഷത്തിൽ 31-10-1976 വരെ 1076·49 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(എച്ച്) വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്ക് 975·44 ലക്ഷം രൂപയും ചെറുകിട ജലസേചന പദ്ധതികൾക്ക് 101.05 ലക്ഷം രൂപയും ആണ് ചെലവായിട്ടുള്ളത്.

(ഐ) മൈനർ ഇറിഗേഷൻ വർക്കുകൾ നടപ്പാക്കുന്നതിൽ പഞ്ചായത്തു കൾ പങ്കാളികളല്ല. ഗുണഭോക്താക്കളുടെ കമ്മിറ്റികളെ ആണ് ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവർത്തനങ്ങളുടെ പൊതുവിലുള്ള മേൽനോട്ടം ജില്ലാ കളക്ടർമാർക്കാണ്. ഇതിലേക്കായി ഇക്കൊല്ലം 10·25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകയിൽ എത്ര ചെല വായിയെന്നും എത്ര പദ്ധതികൾ ഏറ്റെടുത്തുവെന്നും മറ്റുമുള്ള വിവരം ശേഖരിച്ചുവരുന്നു.

(ജെ, കെ) ഓണാട്ടുകരയുടെ ജലസേചനത്തിനായി പ്രത്യേകമായ പദ്ധ തിയൊന്നും തയ്യാറാക്കിയിട്ടില്ല. എന്നാൽ ഈ പ്രദേശത്തിലെ കുറേ ഭാഗ ങ്ങൾക്ക് പമ്പ, കല്ലട, എന്നീ പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി ജലസേചന സൗകര്യം ലഭ്യമാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(എൽ) പദ്ധതി വിഹിതത്തിനു പുറമേ 1975-76-ൽ പമ്പ, പെരിയാർ വാലി, കുറ്റ്യാടി ഈ മൂന്ന് പദ്ധതികൾക്കായി 210 ലക്ഷം രൂപ മുൻകൂർ പദ്ധതിസഹായമായി കിട്ടിയിട്ടുണ്ട്.

(എം) ഈ സാമ്പത്തിക വർഷത്തിൽ പമ്പ, കുറ്റ്യാടി, പഴശ്ശി എന്നീ മൂന്നു പദ്ധതികൾക്കായി 250 ലക്ഷം രൂപ മുൻകൂർ പദ്ധതിസഹായം ലഭിക്കുമെന്ന് വിവരം കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കൃഷ്ണൻ : കുറ്റ്യാടി ജലസേചന പദ്ധതിക്ക് ഇതുവരെയായി ചെലവഴിച്ച സംഖ്യ എത്രയാണ് ; അതിന്റെ പണി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഡോ. കെ. ജി. അടിയോടി : ഇതുവരെ ചെലവായ തുകയെപ്പറ്റിയുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല ഈ പഞ്ചവൽസര പദ്ധതി അവസാനത്തോടുകൂടി കുറ്റ്യാടി പദ്ധതിയുടെ പണി പൂർത്തിയാകുന്നതാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ് : നമ്മുടെ ജലസേചന പദ്ധതികൾക്കായി ഇതുവരെ കേന്ദ്രഗവൺമെന്റിൽനിന്ന് എന്തുസഹായം ലഭിച്ചിട്ടുണ്ട് ; ഇനിയും എന്തെല്ലാം സഹായം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഡോ. കെ ജി. അടിയോടി : പ്ലാൻ ഫണ്ട് ആണ് ജലസേചന പദ്ധതികൾക്കുവേണ്ടി ചെലവാക്കുന്നത്. അത് സെൻട്രൽ ഗവൺമെന്റിൽനിന്ന് ലോണായി കിട്ടുന്ന പണമാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ആയിരക്കണക്കിന് സന്നദ്ധ ഭടൻമാരുടെ ശ്രമദാനം വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് പറഞ്ഞു. അങ്ങനെയുള്ള ശ്രമദാന പ്രവർത്തകരുടെ ഭക്ഷണത്തിനും താമസസൗകര്യത്തിനും എന്തെങ്കിലും സംഖ്യ ചെലവാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഡോ. കെ. ജി. അടിയോടി : ഇതൊരു പുതിയ പരീക്ഷണമാണ്. കഴിഞ്ഞ അസംബ്ലിയിൽ വൻകിട ജലസേചന പദ്ധതികൾക്കുവേണ്ടി ശ്രമദാനം സംഘടിപ്പിക്കാനും പൊതുജന പങ്കാളിത്തത്തോടുകൂടി നടത്താനും എന്തെങ്കിലും ഏർപ്പാട് ചെയ്തിട്ടുണ്ടോയെന്ന് ചോദിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിക്ക് ആസൂത്രണം നൽകിയത്. മൺവേലയല്ലാതെ സ്കിൽഡ് ലേബർ ഈ രംഗത്ത് ചെയ്യാൻ പ്രയാസമാണ്. കല്ലട ജലസേചന പദ്ധതി കേരളത്തിലെതന്നെ ഏറ്റവും വലിയ പദ്ധതിയാണ്. ഈയാണ്ടിൽ പെട്ടെന്ന് പൂർത്തിയാക്കാൻ കഴിയുന്നതായ പദ്ധതികൾക്ക് പ്രയോറിറ്റി നൽകിക്കൊണ്ട് കേന്ദ്രഗവൺമെന്റ് പ്രത്യേകമായി ഓരോ പദ്ധതിക്കും വകയിരുത്തിയ തുകകൾ എടുത്തുനോക്കുമ്പോൾ കല്ലട പദ്ധതി പൂർത്തിയാക്കാൻ ഇനിയും വളരെയേറെ താമസമുണ്ടാകും. വളരെ ബുദ്ധിമുട്ടുള്ള പ്രവർത്തനം അവിടെ നടത്തേണ്ടിയിരിക്കുന്നതുകൊണ്ട് അതിന് ഈ പഞ്ചവൽസര പദ്ധതിയിൽ പ്രയോറിറ്റി കിട്ടിയിട്ടില്ല. ജനങ്ങളുടെ പങ്കാളിത്തം ഉണ്ടാവുകയാണെങ്കിൽ ആ പദ്ധതി പൂർത്തിയാക്കാൻ കഴിയും കൂടുതൽ വേഗതയുണ്ടാകുമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രോജക്ട് അഡ്വൈസറി കമ്മിറ്റി എം. എൽ. എ. മാരേയും എം. പി. മാരേയും ഉദ്യോഗസ്ഥൻമാരെയുമെല്ലാം വിളിച്ച് ചർച്ച ചെയ്തതിന്റെയടിസ്ഥാനത്തിൽ അൺസ്കിൽഡ് ലേബർ ചെയ്യാനുള്ള സ്ഥലം കണ്ടുപിടിക്കുകയും മൺവേല മാത്രം ചെയ്തുതീർത്താൽ പത്തുപതിനഞ്ചു ലക്ഷം രൂപയുടെ നേട്ടം ആ പദ്ധതിയിൽ ഉണ്ടാക്കാൻ കഴിയുമെന്നും ഭാഗികമായി കമ്മിഷൻ ചെയ്യാൻ സഹായകമാകുമെന്നും തീരുമാനിക്കുകയും ചെയ്തു. രാഷ്ട്രീയ പ്രവർത്തകരോടും മറ്റ് നേതാക്കളോടും അങ്ങനെ ചെയ്യാൻ അഭ്യർത്ഥന പുറപ്പെടുവിച്ചപ്പോൾ തീരഭാഗത്തുള്ള എല്ലാ രാഷ്ട്രീയനേതാക്കളും ഇത്രയിത്ര ആളുകളെ ശ്രമദാനത്തിൽ സംഘടിപ്പിച്ച് അവർക്ക് ഭക്ഷണത്തിനും മറ്റും ആവശ്യമുള്ള ചെലവ് നിർവ്വഹിച്ചുകൊള്ളാമെന്ന് വാഗ്ദാനം നൽകിയിട്ടുണ്ട്. അവരുടെ വിശ്രമത്തിനുള്ള സൗകര്യം ആരോഗ്യസംരക്ഷണത്തിനുള്ള സൗകര്യം ഇതെല്ലാം അവർതന്നെ നിർവ്വഹിക്കും. കെയറിൽനിന്ന് ഏതാണ്ട് എൺപത്തിയഞ്ച് ടൺ ഗോതമ്പ് അവർക്ക് ഭക്ഷണത്തിനുവേണ്ടി നൽകാമെന്ന് കമ്മ്യൂണിറ്റി



LIBRARY ARCHIVES Kerala Legislative Assembly

ഡെവലപ്പ്മെന്റ് മിനിസ്റ്റർ പറഞ്ഞിട്ടുണ്ട്. സാമ്പത്തിക ബാദ്ധ്യത കൂടാതെ മറ്റ് ഏതെല്ലാം തരത്തിൽ അവരെ സഹായിക്കാൻ കഴിയുമോ അതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി ചെലവാക്കാൻ അനുവദിച്ച തുക ഇതിനുമുമ്പുതന്നെ തീർത്തുകഴിഞ്ഞു. ഇനിയുമുള്ള ജോലികൾക്കുപോലും പണംകണ്ടെത്താൻ പ്രയാസമുള്ളതുകൊണ്ട് ഇവരുടെ ഭക്ഷണത്തിനുവേണ്ടി എന്തെങ്കിലും സഹായിക്കാൻ ഗവൺമെന്റിന് സാമ്പത്തികമായ സൗകര്യമില്ല. ഭക്ഷണത്തിന്റെ കാര്യം അതാത് മേഖലകളിൽ പ്രവർത്തിക്കുന്ന അതാത് രാഷ്ട്രീയ കക്ഷികളും, യുവജനങ്ങളും വിദ്യാർത്ഥികളും എന്നിവരെല്ലാം സംഘടിച്ച് അതിനുള്ള ഏർപ്പാട് ചെയ്യണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : കല്ലട പദ്ധതി ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കാനുള്ള ഗവൺമെന്റിന്റെ നടപടിയെ സ്വാഗതംചെയ്യുന്നതോടൊപ്പം വളരെനാളായി ആവശ്യപ്പെടുന്ന തിരുവനന്തപുരം ജില്ലയിലെ ഏകനദീതട പദ്ധതിയായ വാമനപുരം പദ്ധതി ഈ ജില്ലയിലുള്ള എം. എൽ. എ. മാരേയും എം. പി. മാരേയും പഞ്ചായത്തു മെമ്പർമാരേയും രാഷ്ട്രീയ പ്രവർത്തകരേയും വിളിച്ചുകൂട്ടി ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കാൻവേണ്ട പദ്ധതി ആവിഷ്കരിക്കാൻ ദയവുണ്ടാകുമോ ?

ഡോ. കെ. ജി. അടിയോടി : അത് നടത്താൻ പറ്റുമോയെന്നുള്ളതിന് ഇതിന്റെ പ്രവരത്തനം സഹായിക്കുമെന്നാണ് തോന്നുന്നത്.

ശ്രീ. പി ഉണ്ണികൃഷ്ണപിള്ള : ഓണാട്ടുകര പ്രദേശത്തെ ജലസേചനത്തിനുവേണ്ടി പുതിയതായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ലെന്ന് മന്ത്രി പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയും ലേബർവകുപ്പു മന്ത്രിയും മറ്റു മന്ത്രിമാരും പൊതുജനപ്രവർത്തകരും ഉൾപ്പെട്ട ഒരു കോൺഫറൻസ് ഓണാട്ടുകരപ്രദേശത്ത് നടന്നയവസരത്തിൽ ആ പ്രദേശത്തെ പ്രത്യേകമായ ഭൂപ്രകൃതി കണക്കിലെടുത്തുകൊണ്ട് കുഴൽക്കിണറുകൾ വഴിയായി ജലസേചനം നടത്താൻ സാധിക്കുമോയെന്ന് പരീക്ഷിക്കാനുള്ള ആലോചന നടത്തിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ പുതിയ പദ്ധതി ആവിഷ്കരിക്കുമെന്ന് ഉറപ്പ് നൽകിയത് മന്ത്രി മറന്നുപോയോ ? അതെപ്പറ്റി എന്തെങ്കിലും പറയാനുണ്ടോ ?

ഡോ. കെ. ജി. അടിയോടി : ഓണാട്ടുകര പദ്ധതിയെപ്പറ്റി വിപുലമായ ചർച്ച നടത്തിയതാണ്. പമ്പ, കല്ലട എന്നീ രണ്ടു ജലസേചന പദ്ധതികളുടെ ഏരിയ ഉൾപ്പെട്ടതാണ് ഓണാട്ടുകര പദ്ധതി. പമ്പ ഭാഗികമായി കമ്മീഷൻ ചെയ്യാനായിട്ടുണ്ട്. അതിന്റെ പ്രവർത്തനത്തിനുവേണ്ടി പ്രത്യേകമായ ധനസഹായം കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടുന്നുണ്ട്. അതുകൊണ്ട് മറ്റു ചെറുകിട ജലസേചന പദ്ധതികളും ഇത്രയും മേഖലകളിൽ ആരംഭിക്കുന്നതുകൊണ്ട് ഗവൺമെന്റിന് നഷ്ടം ഉണ്ടാകുമെന്നല്ലാതെ പ്രത്യേകമായ ഗുണമൊന്നും ഇതിൽനിന്ന് കിട്ടാൻ പോകുന്നില്ല. അവിടെ ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കാനുള്ള നടപടിയുടെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അല്പം കാലതാമസമുണ്ടാകും.

ശ്രീ. വർക്കി പൈനാടൻ : പെരിയാർവാലി അഡ്വൈസറി കമ്മിറ്റി കൂടിയ അവസരത്തിൽ അനുവദിച്ചിട്ടുള്ള പണം ചെലവാക്കുന്നതിന് അതിന്റെ പണി നടത്തുമ്പോഴും മെഷർമെന്റ് എടുക്കുന്നതിനും ബില്ല് ഉണ്ടാക്കുന്നതിനുമെല്ലാം ആവശ്യമായ ഓവർസിയറോ മറ്റ് സ്റ്റാഫോ ഇല്ലെന്ന് എക്സിക്യൂട്ടീവ് എൻജിനീയറടക്കമുള്ള ഉദ്യോഗസ്ഥൻമാർ പറഞ്ഞതായ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അതിന് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. ജി. അടിയോടി : പ്രോജക്ട് അഡ്വൈസറി കമ്മിറ്റി വിളിച്ചിട്ടില്ല. അഡ്വൈസറി കമ്മിറ്റിയിൽ ഒരു തീരുമാനം ഉണ്ടാക്കിയതായി പറയുന്നുണ്ടെങ്കിൽ അത് തെറ്റാണ്. പെരിയാർ വാലിയിൽ തക്കസമയത്ത് ജോലി ചെയ്യാനുള്ള സ്റ്റാഫിനെ അനുവദിച്ചിട്ടുണ്ട്. ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ഓരോ മാസത്തിലും ഉദ്യോഗസ്ഥൻമാരുടെ പരിശോധനയും അതിന്റെയടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. സ്റ്റാഫ് ഇല്ലെന്നുപറയുന്നത് സർവ്വീസ് സംഘടനകൾക്കുവേണ്ടി പൊതുവേ രാഷ്ട്രീയ നേതാക്കൻമാർ നടത്തുന്ന ഒരു പ്രവണതയായി മാറുന്നത് തെറ്റാണെന്നുള്ള അഭിപ്രായമാണ് ഗവൺമെൻറിനുള്ളത്.

ഹോമിയോപ്പതി പരീക്ഷാബോർഡ് പുനഃസംഘടിപ്പിക്കാൻ നിർദ്ദേശം

* 64. [91] ശ്രീ. പി. വി. എസ്. മുസ്തഫാ പൂക്കോയ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1973 ഒക്ടോബറിൽ മൂന്നുവർഷക്കാലത്തേക്ക് രൂപീകരിക്കപ്പെട്ട ഹോമിയോപ്പതി പരീക്ഷാബോർഡ് പുനഃസംഘടിപ്പിക്കാനുദ്ദേശമുണ്ടോ;

(ബി) ഹോമിയോപ്പതി പരീക്ഷാബോർഡ് പുനഃസംഘടിപ്പിക്കുമ്പോൾ, കേരളത്തിലെ മൂന്നു പ്രൈവറ്റ് ഹോമിയോ കോളേജുകളിലെ പ്രിൻസിപ്പൽമാർക്കും അദ്ധ്യാപകർക്കും മുൻതൂക്കം നൽകിക്കൊണ്ടുള്ള ഇന്നത്തെ അപരിഷ്കൃതരീതി മാറ്റി ആയുർവ്വേദ ഡിസ്പ്പൻസറി കോഴ്സിനുള്ള പരീക്ഷാബോർഡിന്റെ മാതൃകയിൽ ഗവൺമെൻറ് ഹോമിയോ കോളേജ് പ്രിൻസിപ്പൽ അദ്ധ്യക്ഷനായുള്ള ഒരു ബോർഡിന് രൂപം നൽകുമോ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ) നിലവിലുള്ള പരീക്ഷാ ബോർഡിന്റെ കാലാവധി അഞ്ചു വർഷത്തേക്കാണ്. ആ കാലാവധി തീർന്നിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. പി. വി. എസ്. മുസ്തഫാ പൂക്കോയ തങ്ങൾ : ഈ ബോർഡിന്റെ കാലാവധി തീരുന്നതോടെങ്കിലും ഇപ്പോൾ രൂപീകരിച്ച ബോർഡ് മാറ്റി ഗവൺമെൻറ് ഹോമിയോ കോളേജ് പ്രിൻസിപ്പൽ അദ്ധ്യക്ഷനായുള്ള ഒരു ബോർഡ് രൂപീകരിക്കുമോ?

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : ഈ ചോദ്യത്തിൽ പറയുന്നതുപോലെ സ്വകാര്യ കോളേജിലെ പ്രതിനിധികളാണ് ഭൂരിപക്ഷം എന്ന് പറയുന്നത് ശരിയല്ല. നിലവിലുള്ള എക്സാമിനേഷൻ ബോർഡിൽ സ്വകാര്യ കോളേജിലെ പ്രതിനിധികളായി രണ്ടു പേർ മാത്രമേ ഉള്ളൂ.

പഞ്ചായത്തു മെമ്പറൻമാർക്ക് പെൻഷൻ അനുവദിക്കാൻ നിവേദനങ്ങൾ

* 65. [92] ശ്രീ. പി. ബി. ആർ. പിള്ള :
,, പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു മെമ്പറൻമാർക്ക് പെൻഷൻ അനുവദിക്കണമെന്ന് കാണിച്ച് ഗവൺമെൻറിന് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏത്ര പഞ്ചായത്തുകൾ പെൻഷൻ നൽകണമെന്ന് കാണിച്ച് പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly